**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **13/7/2011 ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ: 1593**

**ഇ.എം.എസ് ഭവന പദ്ധതി നടത്തിപ്പിലെ സാങ്കേതിക തടസ്സം നീക്കാൻ നടപടി**

| **ചോദ്യം**<br>**ശ്രീ. എൻ.ഷംസുദ്ദീൻ :** | | **ഉത്തരം**<br>**ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
|---|---|---|
| (എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ എത്ര അപേക്ഷകരുണ്ടായിരുന്നു. | (എ& ബി) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 346187 ഭവനരഹിത ഗുണഭോക്താക്കളെയും, 122001 ഭൂരഹിത - ഭവനരഹിത ഗുണഭോക്താക്കളെയും പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) എത്ര പേരെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തു; | | |
| (സി) ഇവരിൽ എത്ര പേരുടെ വീടുകൾ പൂർത്തിയാക്കാൻ സാധിച്ചു; | (സി) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 30/6/2011-വരെ 76756 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞുപോകാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ ; | (ഡി) | അർഹതയുണ്ടെന്നു കണ്ടെത്തിയ എല്ലാ ഗുണഭോക്താക്കളെയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അർഹരായ ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) പ്രസ്തുത പദ്ധതിയ്ക്ക് എന്തെങ്കിലും സാങ്കേതികമായ തടസ്സങ്ങളുണ്ടെങ്കിൽ അതു പരിഹരിച്ച് പരമാവധി വീടുകൾ നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ഇ.എം.എസ് ഭവനപദ്ധതിയുടെ ഏകോപനത്തിന് സാങ്കേതിക സഹായത്തിനായി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ